കേരള സർക്കാർ
കാർഷിക വികസന
കർഷക ക്ഷേമ വകുപ്പ്

# ഹരിതദളം

പുസ്തകം 22 | ലക്കം 16 | ഏപ്രിൽ 30 2024

ഫാം ഇൻഫർമേഷൻ ബ്യൂറോയുടെ ദ്വൈവാര ഇ-വാർത്ത പത്രിക

അകത്താളുകളിൽ

2 യുനെസ്കോ അന്താരാഷ്ട്ര ഡിജിറ്റൽ പഠന ദിനം ആഘോഷിച്ചു
3 കാർഷിക സർവകലാശാലയിലെ സ്റ്റാർട്ടപ്പുകൾക്ക് അഞ്ച് കോടി രൂപയുടെ കേന്ദ്ര ധനസഹായം
5 ക്രോപ്പ് പ്രൊട്ടക്റ്റീവ് ഹെർബിസൈഡ് ആപ്ലിക്കേറ്റർ

# പ്രായോഗിക കൃഷിയുടെ പുത്തൻ ചുവടുവെപ്പ്: വെള്ളാനിക്കര കാർഷിക കോളേജ് ബിരുദ വിദ്യാർത്ഥികളുടെ ഗ്രാമ സഹവാസ പരിപാടിക്ക് തുടക്കമായി

കേരള കാർഷിക സർവകലാശാല വെള്ളാനിക്കര കോളേജിലെ അവസാനവർഷ കാർഷിക ബിരുദ വിദ്യാർത്ഥികളുടെ പ്രവർത്തിപരിചയ പഠനത്തിന്റെ ഭാഗമായുള്ള ഗ്രാമസഹവാസ പരിപാടിക്ക് തുടക്കം കുറിച്ചു. ആശ്രയം ആർട്സ് ആൻഡ് സയൻസ് കോളേജിന്റെ ഓഡിറ്റോറിയത്തിൽ നടന്ന ചടങ്ങിന്റെ ഉദ്ഘാടനം കേരള കാർഷിക സർവകലാശാല രജിസ്ട്രാർ പ്രൊഫസർ ഡോ. എ സക്കീർ ഹുസൈൻ നിർവഹിച്ചു. പാരമ്പര്യ കൃഷിയറിവുകളും നൂതന സാങ്കേതിക കൃഷിരീതികളും സംയോജിതമായി എങ്ങനെ പ്രയോജനപ്പെടുത്താം എന്നതാണ് ഗ്രാമ സഹവാസ പരിപാടിയിലൂടെ ലക്ഷ്യമിടുന്നതെന്ന് അദ്ദേഹം പറഞ്ഞു. കാർഷിക വിജ്ഞാനവ്യാപന വിഭാഗം മേധാവി ഡോ. ജയശ്രീകൃഷ്ണൻകുട്ടി ചടങ്ങിന് സ്വാഗതമർപ്പിച്ചു.

വെള്ളാനിക്കര കാർഷിക കോളേജ് ഡീൻ ഡോക്ടർ മണി ചെല്ലപ്പൻ അധ്യക്ഷത വഹിച്ചു. ചടങ്ങിന്റെ മുഖ്യപ്രഭാഷകനായി പ്രശസ്ത സാഹിത്യകാരൻ ശ്രീ ആഷാമേനോൻ സന്നിഹിതനായി. ഇന്ത്യയിലെ പത്ത് സുന്ദരമായ ഗ്രാമങ്ങളിലൊന്നായി തിരഞ്ഞെടുക്കപ്പെട്ട കൊല്ലങ്കോടിന്റെ ഗ്രാമീണ മനോഹരിതയെക്കുറിച്ചും, കൃഷിക്ക് നൽകുന്ന പ്രാധാന്യത്തെക്കുറിച്ചും, വരാൻ പോകുന്ന വികസന സാധ്യതകളെക്കുറിച്ചും അദ്ദേഹം പറഞ്ഞു. പ്രോഗ്രാം കോർഡിനേറ്റർ ഡോക്ടർ മേഴ്സിക്കുട്ടി എം.ജെ. ,കൃഷി ഓഫീസർ രാഹുൽരാജ്, ആശ്രയം റൂറൽ ഡെവലപ്പ്മെൻ്റ് സൊസൈറ്റി സെക്രട്ടറി അരവിന്ദാക്ഷൻ പി, സംയുക്ത പാടശേഖരം സെക്രട്ടറി അനിൽ ബാബു, വിദ്യാർത്ഥി പ്രതിനിധി മീര. എം എന്നിവർ ചടങ്ങിൽ സംസാരിച്ചു.വിദ്യാർത്ഥകളോടൊപ്പം കർഷകരും പരിപാടിയിൽ പങ്കെടുത്തു. ഏപ്രിൽ 16 മുതൽ 22 വരെയുള്ള ഗ്രാമ സഹവാസ പരിപാടിയുടെ ഭാഗമായി വിവിധ കാർഷിക സെമിനാറുകളും, പ്രദർശനങ്ങളും സംഘടിപ്പിക്കും.





ചീഫ് എഡിറ്റർ - ആശ എസ്. കുമാർ
എഡിറ്റർ - ഡോ. ബിന്ദു ഹാരിയറ്റ് ഐവൻ
അസോസിയേറ്റ് എഡിറ്റർ - പ്രശാന്ത് ജി.എസ്.
അസിസ്റ്റൻറ് എഡിറ്റർ - വിഷ്ണു എസ്.പി.

# നാളികേരം പൊതിക്കുന്ന യന്ത്രത്തിന് കാർഷിക സർവ്വകലാശാലക്കു പേറ്റൻറ്

നാളികേരം പൊതിക്കുന്ന യന്ത്രത്തിന് കേരള കാർഷിക സർവ്വകലാശാല പേറ്റന്റ് നേടി. സർവ്വകലാശാലയിലെ ശാസ്ത്രജ്ഞരായ ഡോ.ജയൻ പി.ആർ, ഡോ.സി. പി.മുഹമ്മദ്, എം.ടെക് വിദ്യാർത്ഥിനിയായ ശ്രീമതി അന്ന ശരത് ചന്ദ്രൻ, റിസേർച് അസിസ്റ്റന്റ് ആയ ശ്രീ. കൊട്ടിയരി ബിനീഷ് ലാൽ എന്നിവരടങ്ങിയ സംഘമാണ് ഈ യന്ത്രത്തിന് പിന്നിൽ.



കാര്യക്ഷമമായ നാളികേര സംസ്കരണത്തിനായി രൂപകൽപ്പന ചെയ്തിരിക്കുന്ന ഒരു അത്യാധുനിക ഉപകരണമാണ് ഈ യന്ത്രം. ഒരു സ്റ്റേഷണറി യൂണിറ്റിനുള്ളിൽ ഘടിപ്പിച്ചിരിക്കുന്ന കറങ്ങുന്ന റോട്ടർ ആണ് ഈ യന്ത്രത്തിന്റെ പ്രധാന ഭാഗം.തേങ്ങ ഇടുന്നതിനുള്ള പൈപ്പിലൂടെ അകത്തു കടക്കുന്ന തേങ്ങയുടെ ചകിരി, റോട്ടറിലുള്ള കത്തി പോലുള്ള ഭാഗങ്ങൾ ചിരട്ടയിൽ നിന്നും വിടുവിക്കുകയും തുടർന്ന് ചകിരി വേർപെടുത്തി എടുക്കുകയും ചെയ്യുന്നു. ഈ രീതിയിൽ ചിരട്ടക്കകത്തുള്ള മാംസളമായ ഭാഗത്തിന് കേടുപാടുകൾ ഒന്നും സംഭവിക്കുന്നില്ല.

ഉണങ്ങിയതും പച്ചയുമായ വിവിധ വലിപ്പത്തിലുള്ള തേങ്ങകൾ ഈ യന്ത്രം ഉപയോഗിച്ച് പൊതിക്കാവുന്നതാണ്.ഈ യന്ത്രത്തിൽ നിന്നും പുറത്തു വരുന്ന ചകിരി നേരിട്ട് തന്നെ കയർ നിർമ്മാണത്തിന് ഉപയോഗിക്കാവുന്നതാണ് എന്നത് ഈ യന്ത്രത്തിന്റെ സാദ്ധ്യതകൾ വർദ്ധിപ്പിക്കുന്നു. യന്ത്രത്തിന്റെ നൂതനമായ രൂപകൽപ്പനയും ഉയർന്ന പ്രവർത്തന ക്ഷമതയും നാളികേരത്തിന്റെ കുറഞ്ഞ പൊട്ടൽ നിരക്കും നാളികേര സംസ്കരണ രംഗത്ത് മുന്നേറ്റത്തിന് കാരണമാകും. 50000 രൂപ വില വരുന്ന ഈ യന്ത്രത്തിന്റെ വ്യാവസായിക അടിസ്ഥാനത്തിലുള്ള ഉൽപാദനത്തിനായി സാങ്കേതിക വിദ്യ അത്താണിയിലുള്ള കേരള അഗ്രോ മെഷിനറി കോർപറേഷൻ ലിമിറ്റഡിനു കൈമാറിയിട്ടുണ്ട്. കേരള കാർഷിക സർവ്വകലാശാലയുടെ ഒരു പ്രധാന നേട്ടമായ ഈ കാർഷിക ഉപകരണം നാളികേര സംസ്കരണ രംഗത്തെ കാര്യക്ഷമതയും ഉൽപാദന ക്ഷമതയും ഉയർത്തുന്നതിന് കാരണമാകും

# ഡോ. മുരളി തുമ്മാരുകുടി കാർഷിക സർവ്വകലാശാലയിൽ

യു.എൻ G20 ഗ്ലോബൽ ലാൻഡ് ഇനിഷ്യേറ്റീവ് കോ ഓർഡിനേഷൻ ഓഫീസിന്റെ ഡയറക്ടർ ഡോ. മുരളി തുമ്മാരുകുടി കേരള കാർഷിക സർവ്വകലാശാല ബിരുദ-ബിരുദാനന്തര ബിരുദ വിദ്യാർഥികളുമായി "കാർഷിക വിദ്യാഭ്യാസവും ഗവേഷണവും ആഗോളതലത്തിൽ "എന്ന വിഷയത്തിൽ സംവാദം നടത്തി. വെള്ളാനിക്കര കാർഷിക കോളേജിൽ നടന്ന സംവാദം കാർഷിക സർവ്വകലാശാല രജിസ്ട്രാർ ഡോ. എ.സക്കീർ ഹുസൈൻ ഉദ്ഘാടനം ചെയ്തു. ചടങ്ങിൽ കാർഷിക കോളേജ് വിജ്ഞാനവ്യാപന വിഭാഗം മേധാവി ഡോ.ജയശ്രീ കൃഷ്ണൻകുട്ടി, കോളേജ് ഡീൻ ഡോ.മണി ചെല്ലപ്പൻ ,സെൻടൽ ലൈബ്രറി ലൈബ്രേറിയൻ ശ്രീ.എസ് ശ്രീകുമാർ തുടങ്ങിയവർ



പങ്കെടുത്തു.

ആഗോളവത്കരണത്തിന്റെയും കാലാവസ്ഥ വ്യതിയാനത്തിൻറെയും ഈ കാലഘട്ടത്തിൽ സൈദ്ധാന്തിക പഠനത്തിൻറെ പ്രാധാന്യം കുറഞ്ഞുവരുന്നുണ്ടെന്ന് ഉദ്ഘാടനപ്രസംഗത്തിൽ രജിസ്ട്രാർ ഡോ. എ.സക്കീർ ഹുസൈൻ അഭിപ്രായപ്പെട്ടു. കേവലം പ്രായോഗിക പഠനവും ക്ലാസ്റൂം വിദ്യാഭ്യാസവും മാത്രമല്ല മറിച്ച് സാമൂഹികവും സാമ്പത്തികവും സമത്വപരവുമായ കാഴ്ചപ്പാടുകളുടെ ഏകീകരണമാണ് കാർഷിക പഠനം എന്ന് അദ്ദേഹം പറഞ്ഞു.

'തകർന്ന ഭൂമി അവസരങ്ങളുടെ നാടാണ്' എന്ന് ഡോ. മുരളി തുമ്മാരുകുടി പറഞ്ഞു.30-ലധികം രാജ്യങ്ങളിൽ നിരവധി പദ്ധതികൾ നടപ്പിലാക്കിയ ഒരു വിദഗ്ധൻ എന്ന നിലയിൽ ഡോ. മുരളി തുമ്മാരുകുടി വ്യത്യസ്ത സ്റ്റാറ്റിസ്റ്റിക്കൽ ഡാറ്റ ഉപയോഗിച്ച് നടത്തിയ പ്രവചനങ്ങൾ പ്രേക്ഷകരെ അത്ഭുതപ്പെടുത്തി. ഇന്ന് ലഭ്യമായ 4.8 ബില്യൺ ഹെക്ടർ കൃഷിഭൂമിയിൽ 40 ശതമാനത്തിനും ജീർണത ബാധിച്ചിരിക്കുന്നു എന്നും മൊത്തം 4.1 ബില്യൺ ഹെക്ടർ വനഭൂമിയിൽ പ്രതിവർഷം 4 ദശലക്ഷം ഹെക്ടർ വനം നഷ്ടപ്പെടുന്നു എന്ന് അദ്ദേഹം പറഞ്ഞു. ഭൂമി പ്രതിസന്ധി സത്യമാണ് എന്നതിനാലാണ് ജീർണത ബാധിച്ച ഭൂമിയുടെ 50% (ഏകദേശം 1 ബില്യൺ ഹെക്ടർ) 2040-ഓടെ പുനഃസ്ഥാപിക്കുന്നതിനുള്ള മാർഗങ്ങൾ കണ്ടെത്താൻ ജി-20 രാജ്യ നേതാക്കൾ തീരുമാനിച്ചത്. അടുത്ത 15 വർഷത്തിൽ 1.5 ട്രില്യൺ യു.എസ് ഡോളർ ഇത്തരം പുനരുദ്ധാരണ പ്രവർത്തനങ്ങൾക്കായി ചിലവിടുന്നതിനുള്ള പദ്ധതികളാണ് ആസൂത്രണം ചെയ്തിട്ടുള്ളത്. ഭൂമി പുനരുദ്ധാരണത്തിൽ വിദഗ്ധരുടെ ഒരു വലിയ ശേഖരം സൃഷ്ടിക്കുക എന്ന ലക്ഷ്യത്തോടെ ഈ വിഷയത്തിൽ ഒരു പുതിയ പാഠ്യപദ്ധതി അവതരിപ്പിക്കുന്നതിനായി ലോകമെമ്പാടുമുള്ള 1000 കാർഷിക സർവകലാശാലകളുമായി സഹകരിച്ച് യു.എൻ പ്രവർത്തിക്കുന്നു. ഈ മേഖലയിലെ സ്റ്റാർട്ടപ്പുകൾക്ക് വിദഗ്ധർ മാർഗനിർദേശം നൽകുന്നുണ്ട്. കാർഷിക ഉൽപ്പാദനക്ഷമത എങ്ങിനെ പുനഃസ്ഥാപിക്കണം എന്നതിനെ കുറിച്ച് ഉപദേശം നൽകുകയും അത് തൊഴിൽ ആയി മാറ്റുകയും നിരവധി തൊഴിലവസരങ്ങൾ സൃഷ്ടിക്കുകയും ചെയ്ത ഐ പേജ് എന്ന കാർഷികപ്രസ്ഥാനത്തിന് നേതൃത്വം നൽകുന്ന ബംഗ്ലാദേശിൽ നിന്നുള്ള മഷ്റൂർ എച് ശുരിദ് നെ തുമ്മാരുകുടി ഉദാഹരിച്ചു, ഈ രീതിയിൽ ആണ് തകർന്ന ഭൂമി അവസരങ്ങൾ സൃഷ്ടിക്കുന്നത് എന്ന് അദ്ദേഹം വിശദമാക്കി.

ഭൂമിശാസ്ത്രപരമായ എല്ലാ മേഖലകൾക്കും അനുയോജ്യമായ ഒരു നിശ്ചിത മാനദണ്ഡമില്ലെങ്കിലും, ഭൂവിസ്തൃതിയുടെ നഷ്ടം അല്ലെങ്കിൽ ഭൂമിയുടെ ഉൽപാദനക്ഷമതയിലെ കുറവ്, ഓർഗാനിക് കാർബൺ നഷ്ടം എന്നിവ ഭൂമിയുടെ ജീർണതയുടെ പ്രധാന മാനദണ്ഡങ്ങളിലൊന്നായി കണക്കാക്കാമെന്നു അദ്ദേഹം പറഞ്ഞു. ഇന്റർനെറ്റ് ഓഫ് തിംഗ്സ് (IoT), നിർമ്മിത ബുദ്ധി (AI) , കാലാവസ്ഥാ പ്രതിരോധം, സ്റ്റാർട്ടപ്പ് സംസ്കാരം, കൃഷിയുടെ സാമൂഹിക സാമ്പത്തിക ഘടകങ്ങൾ എന്നിവ പരിഗണിച്ചു കൊണ്ട് ആഗോള കാർഷിക പാഠ്യപദ്ധതി മാറ്റേണ്ടതിൻ്റെ ആവശ്യകത അദ്ദേഹം ഊന്നിപ്പറഞ്ഞു.

കാർഷിക സർവ്വകലാശാലയിലെ ബിരുദ, ബിരുദാനന്തര ബിരുദ വിദ്യാർത്ഥികൾ വിളകളുടെ വില പ്രവചിക്കുന്നത് മുതൽ യുഎന്നിന് കീഴിൽ പ്രവർത്തിക്കാനുള്ള അവസരങ്ങൾ വരെയുള്ള ചോദ്യങ്ങൾ ഉന്നയിച്ചുകൊണ്ട് സംവാദത്തിൽ സജീവമായി പങ്കെടുത്തു;



# സുസ്ഥിര കാർഷിക വളർച്ചയ്ക്ക്
# ജൈവ കാർഷിക മിഷൻ

ഹരിത വിപ്ലവം രാജ്യത്തിന്റെയും ലോകത്തിന്റെയും പട്ടിണി മാറ്റുന്നതിൽ നിർണായക പങ്കുവഹിച്ചു എന്നത് തർക്കമില്ലാത്ത വസ്തുതയാണ്. എന്നാൽ കട്ടംകൃഷി സൃഷ്ടിച്ച ദൂഷ്യഫലങ്ങൾ പിന്നീട് ഇന്ത്യയിലെ ഹരിത വിപ്ലവത്തിന്റെ പിതാവ് എന്നറിയപ്പെടുന്ന ഡോ എം എസ് സ്വാമിനാഥൻ തന്നെ തിരിച്ചറിഞ്ഞുകൊണ്ട്, പരിസ്ഥിതി സൗഹൃദപരമായ നിത്യഹരിത വിപ്ലവമാണ് നമുക്ക് ആവശ്യമെന്ന് അംഗീകരിക്കപ്പെട്ടുന്നുണ്ട്. രാസകീടനാശിനികളും രാസവളങ്ങളും ഉൾപ്പെടുത്തിക്കൊണ്ടുള്ള കൃഷി പരിസ്ഥിതിയെയും മനുഷ്യന്റെ ആരോഗ്യത്തെയും ദോഷകരമായി ബാധിക്കുന്നു എന്നത് ഇന്ന് ലോകം അംഗീകരിച്ചിട്ടുള്ള വസ്തുതയാണ്. ആഗോളതാപനത്തിനും കാലാവസ്ഥാ വ്യതിയാനത്തിനും കാരണമായിട്ടുള്ള ഈ കട്ടംകൃഷിയിൽ നിന്ന് മാറി പരിസ്ഥിതിയെ സംരക്ഷിച്ചുകൊണ്ടുള്ള സുസ്ഥിര കൃഷിയിലൂടെ മാത്രമേ സുസ്ഥിര വരുമാനം ഉറപ്പാക്കാനാകു എന്നത് ലോകം തിരിച്ചറിഞ്ഞിരിക്കുകയാണ്.

ജനങ്ങൾക്ക് പോഷകസമൃദ്ധവും സുരക്ഷിതവുമായ ഭക്ഷണം ജൈവകൃഷിയിലൂടെ ഉറപ്പാക്കി മണ്ണിനെയും പരിസ്ഥിതിയെയും സംരക്ഷിച്ചുകൊണ്ട് കാർഷിക വരുമാന വർദ്ധനവ് ഉറപ്പാക്കുന്നതിന് ആവശ്യമായ സംവിധാനം ഒരുക്കുക എന്നതാണ് നമ്മുടെ സർക്കാരും ലക്ഷ്യമിടുന്നത്. കർഷകർക്ക് അവർക്ക് അനുയോജ്യമായ ജൈവ കാർഷിക കൃഷി മുറകൾ തിരഞ്ഞെടുക്കുന്നതിനും അവരുടെ പരമ്പരാഗത കൃഷി അറിവുകൾ കൂടി സമന്വയിപ്പിച്ചുകൊണ്ട് പ്രകൃതി സൗഹൃദകൃഷി നടപ്പിലാക്കുന്നതിന് കർഷകരെ ശാക്തീകരിക്കുകയും ചെയ്യുക എന്നതാണ് സംസ്ഥാന സർക്കാരും കൃഷി വകുപ്പും ഉദ്ദേശിക്കുന്നത്.

സംസ്ഥാന കാർഷിക പാരിസ്ഥിതിക വ്യവസ്ഥയെ സുസ്ഥിരവും സജീവവുമാക്കി, വിഷമുക്തമായ മണ്ണ്,ജലം,ഭക്ഷണം എന്നിവ ഉറപ്പാക്കുന്നതിന്റെ ഭാഗമായാണ് 2010 ൽ സർക്കാർ ജൈവ കാർഷിക നയം പുതുക്കി അംഗീകരിക്കപ്പെടുകയുണ്ടായത്. ആയതിന്റെ അടിസ്ഥാനത്തിൽ ജൈവകൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി സംസ്ഥാന സർക്കാർ വിവിധ പദ്ധതികൾ ആവിഷ്കരിക്കുകയും നടപ്പിലാക്കുകയും ചെയ്തു വരുന്നു.

കാലാവസ്ഥ വ്യതിയാനത്തെ നേരിടുന്നതിനായുള്ള 'കാർബൺ ന്യൂട്രൽ കൃഷി', 'നാച്ചുറൽ ഫാമിംഗ്' എന്നീ പദ്ധതികൾക്കൊപ്പം ജൈവ കാർഷിക മേഖലയിൽ കൂടുതൽ ശക്തമായ ഇടപെടൽ നടത്തുന്നതിനും ജൈവ കാർഷിക ഉത്പന്നങ്ങളുടെ ഗുണങ്ങളായ സുരക്ഷിത ഭക്ഷണം, മെച്ചപ്പെട്ട ആരോഗ്യം, പരിസ്ഥിതി സൗഹൃദം എന്നിവയെ കുറിച്ച് അവബോധം സൃഷ്ടിച്ചുകൊണ്ട് സംസ്ഥാനത്ത് ജൈവകൃഷി പ്രോത്സാഹിപ്പിക്കുവാനും ഒരു സംഘടിത സംവിധാനം എന്ന രീതിയിൽ ജൈവ കാർഷിക മിഷൻ സംസ്ഥാനത്ത് രൂപീകൃതമായിരിക്കുകയാണ്.

കൃഷിയെ മാത്രം ആശ്രയിച്ചുള്ള ഉപജീവനമാർഗ്ഗം സ്വീകരിക്കുന്ന കർഷകർക്ക് തങ്ങളുടെ കൃഷിയിടത്തിൽ നിന്നും പരമാവധി വരുമാനം ഉറപ്പാക്കി സാമ്പത്തികഭദ്രത നേടിയെടുക്കുവാനും ഇതിനായി കൃഷി, മൃഗസംരക്ഷണം, കോഴി വളർത്തൽ, മത്സ്യകൃഷി, തേനീച്ച കൃഷി. കൂൺ കൃഷി ഉടങ്ങിയ കാർഷിക മേഖലകളെ പരസ്പര പൂരകങ്ങളായി ഏകോപിപ്പിച്ചുകൊണ്ടു സ്ത്രീകൾ, യുവജനങ്ങൾ, വിദ്യാർത്ഥികൾ. പ്രവാസികൾ എന്നിവരുടെ കൂട്ടായ്മയിൽ കൂടിയും സാമൂഹ്യ സാംസ്കാരിക രംഗത്ത് പ്രവർത്തിച്ചു വരുന്നവർ, സന്നദ്ധസംഘടനകൾ ജനവിഭാഗങ്ങളുടെ പങ്കാളിത്തം ഉറപ്പാക്കിക്കൊണ്ടും ലക്ഷ്യം കൈവരിക്കാനാണ് ജൈവ കാർഷിക മിഷൻ ഉദ്ദേശിക്കുന്നത്.

## ലക്ഷ്യങ്ങൾ

- പരിസ്ഥിതിയെ സംരക്ഷിച്ചുകൊണ്ട് കർഷകന് ലാഭകരമായി കൃഷി മുന്നോട്ട് കൊണ്ടു പോകുന്നതിനുള്ള സുസ്ഥിര ജൈവകൃഷി വികസന പദ്ധതി നടപ്പിലാക്കുക.
- കാലാവസ്ഥ വ്യതിയാനത്തെ ചെറുക്കുന്നതിനുള്ള കൃഷിമുറകൾ നടപ്പാക്കുക.
- സുരക്ഷിത ഭക്ഷണം, മെച്ചപ്പെട്ട ആരോഗ്യം, പരിസ്ഥിതി സൗഹൃദം ജൈവകൃഷി എന്ന ആശയത്തെ കുറിച്ച് ജനങ്ങളിൽ അവബോധം സൃഷ്ടിക്കുക
- വ്യത്യസ്ത കാർഷിക പാരിസ്ഥിക മേഖലയിലും യൂണിറ്റുകളിലും വരുന്ന പഞ്ചായത്തുകളെ തിരഞ്ഞെടുത്തു ജൈവകൃഷി നടപ്പിലാക്കുക.
- ഓരോ വർഷവും കുറഞ്ഞത് 10,000 ഹെക്ടർ വീതം സ്ഥലത്തു കാർഷിക പാരിസ്ഥിതിക മേഖലകളെ അടിസ്ഥാനമാക്കി തിരഞ്ഞെടുത്ത പഞ്ചായത്തുകളിൽ ജൈവകൃഷി വ്യാപിപ്പിച്ചുകൊണ്ട് അഞ്ച് വർഷത്തിനുള്ളിൽ കുറഞ്ഞത് 50,000 ഹെക്ടർ സ്ഥലത്ത് ജൈവകൃഷി ചെയ്യുക.
- ജൈവകൃഷിക്കായി തിരഞ്ഞെടുത്ത ഗുണഭോക്താക്കൾ/ ഫാമുകൾ കുറഞ്ഞത് അഞ്ചു വർഷം വരെയെങ്കിലും ജൈവ കൃഷി തുടരുമെന്ന് ഉറപ്പാക്കുക.
- കർഷകന്റെ കൃഷിയിടങ്ങളിൽ നിശ്ചിത അനുപാതത്തിലുള്ള ഭൂമി മാത്രം ജൈവകൃഷിയിലേയ്ക്ക് മാറ്റുന്നതിനുവേണ്ടിയുള്ള നടപടികൾ

സ്വീകരിക്കുക.

- ജൈവകൃഷിക്ക് ആവശ്യമായി വരുന്ന ഉത്പാദനോപാധികൾ പ്രാദേശികമായി ഉല്പാദിപ്പിക്കുന്നതിനുള്ള ചെറുകിട സംരംഭങ്ങൾ, കൃഷിക്കൂട്ടം, കാർഷിക കർമ്മസേന, കുടുംബശ്രീ, കൃഷിശ്രീ സെന്ററുകൾ, അഗ്രോ സർവീസ് സെന്ററുകൾ എന്നിവയുടെ നേതൃത്വത്തിൽ തുടങ്ങുക
- ജൈവ ഉൽപ്പന്നങ്ങൾ വിപണനം നടത്തുന്നതിനുള്ള വിപണന സംവിധാനം ഒരുക്കുകയും ജൈവ ഉല്പന്നങ്ങൾക്ക് മതിയായ വില ലഭിക്കുന്നതിനുള്ള സാധ്യതകൾ പരമാവധി ഉപയോഗപ്പെടുത്തുകയും ചെയ്യുക.
- ജൈവ ഉല്പന്നങ്ങൾക്ക് സർട്ടിഫിക്കേഷൻ നൽകുന്നതിനുള്ള സംവിധാനവും നടപടിക്രമങ്ങളും വികസിപ്പിക്കുക.
- കേരളത്തിന്റെ തനതായ ജൈവ ഉല്പന്നങ്ങൾ പ്രത്യേക ബ്രാൻഡിൽ വിൽപ്പന നടത്തുന്നതിനുമുള്ള സംവിധാനം ഒരുക്കുക.
- ജൈവകൃഷിക്ക് നിഷ്കർഷിച്ചിട്ടുള്ള വിത്ത് ഉൾപ്പെടെയുള്ള ഉൽപാദനോപാധികളുടെ ഗുണനിലവാരം ഉറപ്പാക്കി കർഷകരിൽ എത്തിക്കുന്നതിനും ജൈവകൃഷിയിലൂടെ ഉൽപാദിപ്പിക്കുന്ന ഉൽപ്പന്നങ്ങളുടെ ഗുണനിലവാരം ഉറപ്പാക്കുന്നതിനുമുള്ള സംവിധാനം കൊണ്ടുവരുക.

എന്നിവയാണ് പ്രധാന ലക്ഷ്യങ്ങൾ

## പ്രവർത്തനങ്ങൾ

ജൈവ മിഷൻ മുന്നോട്ടു വച്ചിട്ടുള്ള ലക്ഷ്യങ്ങൾ നേടുന്നതിന് ചില പ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടത്തേണ്ടതുണ്ട്.

അവ താഴെ പറയും പ്രകാരമാണ്

**I. വിവിധ തരത്തിലുള്ള ജൈവ കൃഷി പ്രവർത്തനങ്ങളുടെ നടത്തിപ്പും ഏകോപനവും**

1. കൃഷികൂട്ടങ്ങൾ/ജൈവ കർഷക സ്വയംസഹായ സംഘങ്ങൾ/ ഫാർമേഴ്സ് പ്രൊഡ്യൂസേഴ്സ് ഓർഗനൈസേഷൻ, കർഷകർ എന്നിവരെ സംഘടിപ്പിച്ച തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ കേന്ദ്രീകരിച്ച് ജൈവകൃഷി പ്രോത്സാഹിപ്പിക്കുന്നതിനുള്ള ആസൂത്രണം ചെയ്യുക.
2. മണ്ണിനെ പുനരുജ്ജീവിപ്പിച്ചുകൊണ്ട് ജലം, മണ്ണിന്റെ ഉത്പാദനക്ഷമത, ജൈവ വൈവിധ്യം എന്നിവ സംരക്ഷിക്കാനുള്ള പ്രവർത്തനങ്ങൾ നടത്തുക.
3. കർഷകർക്ക് ജൈവകാർഷിക മുറകളെ പരിചയപ്പെടുന്നതിനുള്ള മാതൃക കൃഷിത്തോട്ടങ്ങൾ സ്ഥാപിക്കുക
4. ഓരോ കാർഷിക പാരിസ്ഥിതിക മേഖലയ്ക്കും അനുയോജ്യമായ ജൈവ കാർഷിക മുറകൾ കണ്ടെത്തി കർഷകർക്ക് ലാഭകരമായ രീതിയിൽ ജൈവ കൃഷി ചെയ്യുന്നതിനുള്ള സഹായം നൽകുക.
5. സംസ്ഥാന ബയോ കൺട്രോൾ ലബോറട്ടറി, പാരസൈറ്റ് ബ്രീഡിങ് സ്റ്റേഷനുകൾ, സെന്റർ ഫോർ പെസ്റ്റ് മാനേജ്മെന്റ് ആലപ്പുഴ, ബയോ ഫെർട്ടിലൈസർ & ഓർഗാനിക് മാനുവർ ക്വാളിറ്റി കൺട്രോൾ ലാബ് പട്ടാമ്പി, കാർഷിക സർവകലാശാല ലാബ് എന്നീ സ്ഥാപനങ്ങളുടെ പ്രവർത്തങ്ങൾ ജൈവകൃഷി മിഷന്റെ പ്രവർത്തനങ്ങളുമായി ഏകോപിപ്പിച്ച നടപ്പിലാക്കുക.
6. ജൈവ കൃഷിയെ അതിജീവന കൃഷിയിൽ നിന്നും ലാഭകരമായ കൃഷിയായി മാറ്റുന്നതിനു പ്രവർത്തനങ്ങൾ നടത്തുക.
7. വിപണന സംവിധാനം മെച്ചപ്പെടുത്തുന്നതിന് ഇതര സംസ്ഥാനങ്ങളിലും ദേശീയ അന്താരാഷ്ട്ര തലത്തിലുമുള്ള പ്രോട്ടോക്കോളുമായി യോജിച്ച് പോകുന്ന വിധത്തിൽ സംസ്ഥാനത്ത് ജൈവ കൃഷി പ്രോട്ടോക്കോൾ നടപ്പിലാക്കുക.
8. മൂല്യവർദ്ധിത കൃഷിയിൽ ജൈവ ഉൽപ്പന്നങ്ങൾക്ക് പ്രാധാന്യം നൽകി മൂല്യവർധിത കൃഷിക്കൂട്ടങ്ങളെ ഉപയോഗിച്ച് പദ്ധതി ആസൂത്രണം ചെയ്യുക.

**II.ജൈവ ഉൽപന്നങ്ങളുടെ സംഭരണത്തിനും സംസ്കരണത്തിനും മൂല്യവർദ്ധനവിനുമുള്ള പ്രവർത്തനങ്ങൾ**

1. ജൈവകൃഷിയിൽ ഉൽപ്പാദിപ്പിക്കുന്ന ഉൽപ്പന്നങ്ങൾക്ക് ന്യായമായ വില ഉറപ്പുവരുത്തുന്നതിന് ആവശ്യമായ സംഭരണ കേന്ദ്രങ്ങൾ ഒരുക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടത്തുക
2. കൃഷിക്കൂട്ടം/കർഷക സ്വയം സഹായ സംഘങ്ങൾ/ കർഷക ഉത്പാദക സംഘങ്ങൾ /വനിതാ കർഷക സംഘങ്ങൾ എന്നിവ വഴി ജൈവ കാർഷിക ഉൽപ്പന്നങ്ങൾ സംഭരിച്ച സംസ്കരിച്ച. മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ ആക്കുന്നതിനുള്ള യൂണിറ്റുകൾ സ്ഥാപിക്കുക. ഇവയെ മൂല്യവർദ്ധിത കൃഷിയുമായി ഏകോപിപ്പിക്കുക.
3. ജൈവ കാർഷിക ഉൽപ്പന്നങ്ങൾക്കായി സംഭരണ സംസ്കരണ മൂല്യ വർദ്ധന യൂണിറ്റുകൾ സ്ഥാപിക്കുന്നതിനുള്ള സഹായം നൽകുക.

**III. ജൈവ കാർഷിക ഉല്പന്നങ്ങൾക്ക് മെച്ചപ്പെട്ട വില ലഭിക്കുന്നതിനുള്ള വിപണന സംവിധാനമൊരുക്കുക.**

1. ജൈവ കാർഷിക ഉൽപ്പന്നങ്ങൾ വിപണനം നടത്തുന്നതിന് പ്രത്യേക വിപണന സംവിധാനം ഏർപ്പെടുത്തുക. ഇതിനായി പഞ്ചായത്ത് തലത്തിൽ ഇക്കോ ഷോപ്പുകളും ബ്ലോക്ക് ജില്ലാ തലങ്ങളിൽ ജൈവ സൂപ്പർമാർക്കറ്റുകളും സ്ഥാപിക്കുക . സേവന മേഖലയിലെ കൃഷിക്കൂട്ടങ്ങളെ ഫലപ്രദമായി ഉപയോഗിക്കുക.
2. കേരളത്തിൽ ജൈവ ഉൽപ്പന്നങ്ങൾ വിപണനം നടത്തുന്നതിന് സംസ്ഥാന തലത്തിലെ സർട്ടിഫയിംഗ് ഏജൻസിയെ പ്രയോജനപ്പെടുക.
3. കേരളത്തിന് പുറത്ത് ജൈവ ഉൽപ്പന്നങ്ങൾ വിൽക്കേണ്ട സംഅനുയോജ്യമായ സർട്ടിഫയിംഗ് സംവിധാനം (PGS or NPOP) നേടിയെടുക്കുന്നതിന് ജൈവ കർഷകരെ സഹായിക്കുക.
4. ജൈവഉൽപ്പന്നങ്ങൾ സാധ്യതകളെക്കുറിച്ച് വിദേശ വിപണികളിൽ കയറ്റുമതി നടത്തുന്നതിനുള്ള സാധ്യതകളെ കുറിച്ച് കർഷകരെ ബോധവൽക്കരിക്കുകയും കയറ്റുമതി വർദ്ധിപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ഏറ്റെടുത്ത നടത്തുകയും ചെയ്യുക.

## സർട്ടിഫിക്കേഷൻ സംവിധാനം

- കൃഷിവകുപ്പിന്റെ ജൈവ സർട്ടിഫിക്കേഷൻ പദ്ധതിയിൽ അംഗങ്ങളാകാൻ കർഷർക്ക് ഇപ്പോൾ നല്ല അവസരമാണ് ലഭിച്ചിരിക്കുന്നത്.

സംസ്ഥാന കൃഷിവകുപ്പിന്റെ നേതൃത്വത്തിൽ APEDA അംഗീകൃത ജൈവ സാക്ഷ്യപ്പെടുത്തൽ പദ്ധതി ഈ വർഷം മുതൽ ആരംഭിക്കുകയാണ്. കാർഷികോല്പന്നങ്ങളുടെ കയറ്റുമതി പ്രോത്സാഹിപ്പിക്കുന്നതിനും മാനദണ്ഡങ്ങൾ നിശ്ചയിക്കുന്നതിനുള്ള പ്രധാന അതോറിറ്റിയാണ് അഗ്രികൾച്ചറൽ ആൻഡ് പ്രോസസ്സ്ഡ് ഫുഡ് പ്രോഡക്ട്സ് എക്സ്പോർട്ട് ഡെവലപ്മെന്റ് അതോറിറ്റി (APEDA). അപ്പേഡാ അംഗീകരിച്ചിട്ടുള്ള NPOP സ്റ്റാൻഡേർഡ് പ്രകാരമുള്ള തേർഡ് പാർട്ടി സർട്ടിഫിക്കേഷൻ പദ്ധതിയ്ക്കാണ് കൃഷിവകുപ്പ് ആരംഭം കുറിച്ചിരിക്കുന്നത്. ഈ ത്രിവത്സര പദ്ധതി പ്രകാരം നാഷണൽ പ്രോഗ്രാം ഫോർ ഓർഗാനിക് പ്രൊഡക്ഷൻ (NPOP) ജൈവ സാക്ഷ്യപ്പെടുത്തലിനുള്ള നടപടിക്രമങ്ങൾക്കുള്ള ഫീസും, കർഷകന്റെ കൃഷിയിടം ജൈവവൽക്കരിക്കുന്നതിനുള്ള ചിലവുകളും കൃഷിവകുപ്പ് വഹിക്കുന്നതാണ്. ഇതിന് ആവശ്യമായ അപേക്ഷകൾ സംസ്ഥാനത്തെ എല്ലാ കൃഷിഭവനുകളിലും സ്വീകരിക്കുന്നതാണ്. സംസ്ഥാനത്തെ എല്ലാ വിഭാഗം കർഷകർക്കും ഉപയോഗപ്രദമായ ഈ പദ്ധതി സാക്ഷ്യപ്പെടുത്തിയ ജൈവ കാർഷിക ഉത്പന്നങ്ങൾക്ക് അധിക മൂല്യം ലഭിക്കുന്നതിന് സഹായകരമാണ്. ജൈവ കാർഷിക ഉത്പന്നങ്ങൾക്ക് വമ്പിച്ച കയറ്റുമതി സാധ്യതകൾ തുറന്നു കൊടുക്കുന്ന ഈ പദ്ധതിയിൽ കൃഷിഭവൻ മുഖാന്തിരം കർഷകർക്ക് ഇപ്പോൾ അംഗങ്ങളാകാവുന്നതാണ്.

ജൈവകൃഷിയിലൂടെ സുസ്ഥിരമായ ഒരു കാർഷിക വളർച്ചയ്ക്ക് തുടക്കം കുറിക്കുന്നതിന് ജൈവ കാർഷിക മിഷൻ സഹായമാവുക തന്നെ ചെയ്യും

# പോഷകസമൃദ്ധിയ്ക്ക്
# നാടൻ ഇലക്കറികൾ

കാർഷിക പാരിസ്ഥിതിക മേഖലകളുടെ അടിസ്ഥാനത്തിൽ പോഷക പ്രാധാന്യമുള്ള വിളകൾ ഉത്പാദിപ്പിക്കുന്നതിന് ലക്ഷ്യമിട്ടുകൊണ്ട് കൃഷിവകുപ്പ് രൂപീകരിച്ചിട്ടുള്ള പുതിയ പദ്ധതിയാണ് 'പോഷകസമൃദ്ധി മിഷൻ'. ഉൽപാദനം, വിപണനം, മൂല്യവർദ്ധനവ്, പോഷക സമൃദ്ധമായ സുരക്ഷിത ഭക്ഷണം എന്നീ മേഖലകൾ സമഗ്രമായി സംയോജിപ്പിച്ചുകൊണ്ട് കർഷകരുടെ വരുമാനം വർദ്ധിപ്പിക്കുന്നതിനും ജനങ്ങളുടെ ആരോഗ്യ സംരക്ഷണത്തിനും ലക്ഷ്യമിട്ടുകൊണ്ടാണ് പദ്ധതി ആവിഷ്കരിച്ചിട്ടുള്ളത്.

3 വർഷം കൊണ്ടു ലക്ഷ്യത്തിലെത്തുന്ന തരത്തിൽ പ്രത്യേക ക്യാമ്പയിൻ മാതൃകയിലാണ് പദ്ധതി നടപ്പാക്കുന്നത്. മുൻകൂട്ടി ആസൂത്രണം ചെയ്ത പദ്ധതികളിലൂടെ കാർഷിക, ആരോഗ്യ, സാമൂഹിക മേഖലകളിൽ പുരോഗതി നേടുന്നതിനും, വിവിധ സുസ്ഥിര വികസന ലക്ഷ്യങ്ങൾ കൈവരിക്കുന്നതിനും ഇതുവഴി സാധ്യമാകും. വിവിധ വിളകളുടെ ഉത്പാദനത്തെ അടിസ്ഥാനപ്പെടുത്തി മൂന്ന് ഘട്ടങ്ങളിലായി വിഭജിച്ചുകൊണ്ട് ഓരോ ഘട്ടത്തിലും ആവശ്യമായ സമഗ്ര ഇടപെടലുകൾ നടത്തുക, കാർഷിക മേഖലയെ ആധാരമാക്കി പ്രാദേശിക സാമ്പത്തിക വികസനം ആസൂത്രണം ചെയ്തു കർഷകരുടെ വരുമാനം ഉയർത്തുക, കാർഷിക പാരിസ്ഥിതിക മേഖലയെ അടിസ്ഥാനമാക്കിയുള്ള കാർഷിക ഉത്പന്നങ്ങളുടെ ലഭ്യത ഉറപ്പാക്കി ദേശീയതലത്തിലുള്ള സ്ഥാപനങ്ങളുടെ സഹായത്തോടെ ന്യൂട്രീഷൻ പ്ലേറ്റ് തയ്യാറാക്കുക തുടങ്ങിയവ ഈ പദ്ധതിയുടെ സവിശേഷതകളാണ്. കൃഷി, ആരോഗ്യം, സാമൂഹ്യക്ഷേമം, വിദ്യാഭ്യാസം, സഹകരണം, തദ്ദേശസ്വയംഭരണം എന്നീ വകുപ്പുകളെ ഏകോപിപ്പിച്ചു കൊണ്ട് നടപ്പാക്കുന്ന ഈ പദ്ധതി ആദ്യ വർഷത്തിൽ സംസ്ഥാനത്തെ 25 ലക്ഷം കുടുംബങ്ങളെയും 2026-27 സാമ്പത്തിക വർഷത്തോടെ സംസ്ഥാ









നത്തെ മുഴുവൻ കുടുംബങ്ങളെയും ഭാഗമാക്കുവാൻ ലക്ഷ്യം വക്കുന്നു.

പച്ചക്കറി, പയർ വർഗ്ഗങ്ങൾ, ചെറുധാന്യങ്ങൾ, പഴവർഗ്ഗങ്ങൾ എന്നിവയുടെ അവശ്യ അളവിലുള്ള ഉപയോഗത്തിലൂടെ ജനങ്ങളുടെ ആരോഗ്യ സംരക്ഷണം ഉറപ്പാക്കുക, പച്ചക്കറി ഉൽപാദനത്തിൽ സ്വയം പര്യാപ്തത കൈവരിക്കുക, പോഷക പ്രാധാന്യമുള്ള  വിളകളുടെ ഉത്പാദനവും ഉപയോഗവും വ്യാപകമാക്കുക, പയർ വർഗ്ഗങ്ങൾ, പഴവർഗ്ഗങ്ങൾ എന്നിവയുടെ ഉത്പാദനം ആരോഗ്യ സൂചികയ്ക്ക് അനുസൃതമായി വർദ്ധിപ്പിക്കുക, കൂൺ കൃഷിയും കൂൺ അടിസ്ഥാനമാക്കിയ സംരംഭങ്ങളും പ്രോത്സാഹിപ്പിക്കുക, ഉത്തമ കൃഷി രീതികളിലൂടെയും ജൈവകൃഷി രീതികളിലൂടെയും സുരക്ഷിതവും ഗുണമേ□യുള്ളതുമായ ഉൽപ്പന്നങ്ങൾ ലഭ്യമാക്കുക, പോഷക ഭക്ഷണങ്ങൾക്ക് പ്രാമുഖ്യം നൽകി ജീവിതശൈലി രോഗങ്ങളിൽ നിന്നും വിമുക്തി നേടുവാൻ ജനങ്ങളെ പ്രേരിപ്പിക്കുക തുടങ്ങിയവയാണ് പദ്ധതിയുടെ പ്രധാന ലക്ഷ്യങ്ങൾ.

ഏതൊരു ജനതയുടേയും ആരോഗ്യപരവും പോഷകപരമായ അവസ്ഥ നിർണ്ണയിക്കുന്നതിൽ ഭക്ഷണക്രമം പ്രധാന പങ്കുവഹിക്കുന്നു. ICMR ഫുഡ് പ്ലേറ്റ് ശുപാർശ പ്രകാരം ഒരാൾ ഒരു ദിവസം 350 ഗ്രാം പച്ചക്കറികളും 150 ഗ്രാം പഴവർഗ്ഗങ്ങളും, ധാന്യങ്ങളും ചെറുധാന്യങ്ങളും കൂടി 270 ഗ്രാമും പയറു വർഗ്ഗങ്ങൾ, ഇറച്ചി, മീൻ, മുട്ട എന്നിവ 90 ഗ്രാമും നട്സ് 20 ഗ്രാം, എണ്ണ, കൊഴുപ്പ് എന്നിവ 27 ഗ്രാം പാലുല്പന്നങ്ങൾ 300ml, വീതവും കഴിക്കണം. 350 ഗ്രാം പച്ചക്കറികളിൽ 150 ഗ്രാം എങ്കിലും ഇലവർഗ്ഗങ്ങളായിരിക്കണമെന്നാണ് കണക്ക്. വിവിധ പോഷകമൂലകങ്ങളായ ജീവകം എ, ബി, സി, ധാതു ലവണങ്ങളായ ഇരുമ്പ്, കാത്സ്യം, ഫോസ്ഫറസ് എന്നിവയുടെ ഉറവിടം കൂടിയാണ് ഇലക്കറികൾ. സുലഭമായി നമുക്ക് ലഭിക്കുന്നതും, വീട്ടിൽ അധിക പരിചരണം കൂടാതെ വളർത്താവുന്നതുമായ ഇലക്കറികൾ നമ്മുടെ ഭക്ഷണക്രമത്തിൽ ധാരാളം ഉൾപ്പെടുത്തുവാൻ ശ്രദ്ധിക്കണം. പ്രാദേശികമായി കാണുന്ന ധാരാളം ഇലക്കറികൾ അല്ലെങ്കിൽ  നാടൻ ഇലവർഗ്ഗങ്ങൾ ഉണ്ട്. വീട്ടുമുറ്റത്ത് അധികം പരിചരണം കൂടാതെ അടുക്കളത്തോട്ട









ത്തിൽ ഉൾപ്പെടുത്തുവാൻ പറ്റിയ ഏതാനും ചില ഇലക്കറികൾ പരിചയപ്പെടാം.

### 1) വള്ളിച്ചീര

ബസല്ല ചീര അല്ലെങ്കിൽ ഇന്ത്യൻ സ്പിനാച്ച് എന്നറിയപ്പെടുന്ന വള്ളിച്ചീര രണ്ട് തരമുണ്ട്. ചുവപ്പും പച്ചയും. തണ്ടു മുറിച്ചു നട്ടാണ് സാധാരണയായി വള്ളിച്ചീര വളർത്തുന്നത്. ഒന്നരമാസം കൊണ്ട് ചെടി വളർന്ന് വിളവെടുപ്പിനു പാകമാകും.

### 2) സാമ്പാർ ചീര

തണൽ ഇഷ്ടപ്പെടുന്ന വിളയായതുകൊണ്ടുതന്നെ അടുക്കളത്തോട്ടത്തിൽ എവിടെ വേണമെങ്കിലും ഉൾപ്പെടുത്താം. തണ്ട് മുറിച്ചു നടാം. മാംസളമായ തണ്ടുകളും ഇലകളും ഭക്ഷ്യയോഗ്യമാണ്. ഒന്നരമാസം കൊണ്ട് വിളവെടുപ്പ് നടത്താം.

### 3) പൊന്നാങ്കണിച്ചീര

നിലത്ത് പടർന്നു വളരുന്ന ഇവ ചുവപ്പ്, പച്ച, ബ്രൌൺ എന്നിങ്ങനെ പല വർണ്ണങ്ങളിൽ കാണപ്പെടുന്നു. ഇളം തണ്ടുകളും ഇലകളും മുറിച്ചെടുത്ത് ഉപയോഗിക്കാം. തണ്ടു മുറിച്ചുതന്നെയാണ് പൊന്നാങ്കണ്ണിച്ചീരയും നടേണ്ടത്. ഒന്നരമാസം കൊണ്ട് ആദ്യ വിളവെടുപ്പ് നടത്താം. ധാരാളം ധാതു ലവണങ്ങളുടെ കലവറയാണ് ഈ സസ്യം.

### 4) വെള്ളച്ചീര

കാങ്ക്കോങ്ങ് എന്ന പേരിലറിയപ്പെടുന്ന നിലത്ത് പടർന്നു വളരുന്ന ഒരു ചെടിയാണ് വെള്ളച്ചീര. ഈർപ്പമുള്ള സ്ഥലത്താണ് ഇവ കൂടുതൽ വളരുക. തണ്ടും ഇലകളും ഭക്ഷ്യയോഗ്യമാണ്. വിത്ത് വഴിയോ തണ്ടുകൾ മുറിച്ചുനട്ടോ ഇവ വളർത്തിയെടുക്കാം.

### 5) മധുരച്ചീര

ബഹുവർഷവിളയായ മധുരച്ചീര ചെക്കുർമാനിസ് എന്ന പേരിലറിയപ്പെടുന്നു. കുറ്റിച്ചെടിയായി വേലിയായോ നടപ്പാതകളുടെ വശങ്ങളിലായോ ഇവ വച്ചുപിടിപ്പിച്ച് അടുക്കളത്തോട്ടം അലംകൃതമാക്കുകയും ചെയ്യാം. തണ്ടുകൾ മുറിച്ച് നട്ടാൽ നാല് മാസത്തിനുള്ളിൽ വിളവെടുപ്പ് നടത്താം.

### 6) തഴുതാമ

ചുവപ്പ് പൂക്കളുള്ള ഇനമാണ് ഇലക്കറിയായി ഉപയോഗിക്കുന്നത്. പടർന്നു വളരുന്ന ഒരു ഔഷധച്ചെടികൂടിയാണ് തഴുതാമ. ഇല സാധാരണ തോരൻ വച്ച് കഴിക്കുന്നത് പല രോഗങ്ങൾക്കും പ്രതിവിധികൂടിയാണ്.

### 7) പൊന്നാവിരം ചീര

പൊൻതകര എന്ന വിളിപ്പേര് കൂടി പൊന്നാവിരം ചീരയ്ക്കുണ്ട്. ഒന്നര മീറ്ററോളം ഉയരത്തിൽ വളരുന്ന ഇവ ഔഷധഗുണമുള്ള ചെടികൂടിയാണ്.

### 8) കുടങ്ങൽ

നിലത്ത് പടർന്നു വളരുന്ന ഒരു ബഹുവർഷവിളയാണ് ബുദ്ധിച്ചീര എന്നറിയപ്പെടുന്ന കുടങ്ങൽ. ഈർപ്പമുള്ള സ്ഥലത്ത് ഇവ നന്നായി വളരും. ഇളം തണ്ടും ഇലകളും ഭക്ഷ്യയോഗ്യമാണ്.

ഇത്തരത്തിലുള്ള ധാരാളം നാടൻ ഇലവർഗങ്ങൾ നമ്മുടെ ചുറ്റിലും കാണപ്പെടുന്നുണ്ട്. ഇവ നമ്മുടെ നിത്യാഹാരത്തിന്റെ ഭാഗമാക്കുവാൻ കഴിഞ്ഞാൽ സർക്കാർ ലക്ഷ്യമിടുന്ന പോഷക സമൃദ്ധിയ്ക്കു അതൊരു മുതൽക്കൂട്ട് തന്നെയാകും.

ഫോൺ : 0471 2317314, 2314358, 2318186, e-mail : piofibtvm@gmail.com, harithadalam@gmail.com
Published by Asha S. Kumar, Principal Information Officer for Farm Information Bureau, Kowdiar P.O., Tvpm-3. Govt. of Kerala;
Editor: Dr. Binu Harriet Ivan., Design & Layout : Maya Santhosh